
കിളിവാതിൽ.com
IJMHSS Kottiyoor
Digital Magazine 2018-19
ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം



## സമർപ്പണം

താളുകൾ മറിയുമ്പോൾ ഒളിഞ്ഞും തെളിഞ്ഞും
വരികൾക്കിടയിൽ പ്രളയം ഉലച്ച മനസ്സുകളെ
നമുക്ക് കാണാം...
മഴയായും  വെള്ളപ്പൊക്കമായും ഉരുൾപൊട്ടലായും
ഭാവങ്ങൾ മാറ്റിയ പ്രളയത്തിൽ മുറിവേറ്റവർ ഏറെ.
മാസങ്ങൾ പിന്നിടുമ്പോഴും നഷ്ടങ്ങൾ
ഉൾക്കൊള്ളാനാവാതെ... നടുക്കം വിട്ടുമാറാത്ത കൂട്ടുകാർ
ഞങ്ങൾക്കിടയിലുണ്ട്.
അവരുടെ നോവിനു മുൻപിൽ  ഈ കിളിവാതിൽ.com
ഞങ്ങൾ സമർപ്പിക്കുന്നു.



# ആശംസ

പുതുയുഗത്തിന്റെ പ്രവണതകൾക്കനുസരിച്ച് വായനയും എഴുത്തും പുതിയമാനങ്ങൾ സ്വായത്ത മാക്കുമ്പോൾ ഉണർന്നും, ഉയർന്നും ചിന്തിച്ച് സർഗ്ഗാത്മക രചനകൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മിഴിവുറ്റതാക്കി മാറ്റിയ കിളിവാതിൽ.com എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സിന് അഭിനന്ദനങ്ങൾ. മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**ടി.ടി. സണ്ണി**
**ഹെഡ് മാസ്റ്റർ**



# കിളിവാതിലിലൂടെ...

വാക്കുകൾ അർഥം തേടുമ്പോൾ...

വർണങ്ങൾ രൂപം തേടുമ്പോൾ...

തുറന്നിരിക്കുന്ന വാതായനങ്ങളിലൂടെ മിഴികൾ

മൂർത്തവും അമൂർത്തവുമായ

ഭാവങ്ങൾ തേടുമ്പോൾ...

കൗമാര സങ്കല്പങ്ങൾ

രൂപങ്ങളും ഭാവങ്ങളും വർണങ്ങളുമായി

പരിണമിക്കുമ്പോൾ....

ഈ കിളിവാതിൽ ഞങ്ങൾക്ക്

വിശാലമായലോകത്തിലേക്കുള്ള

ചുവടുകളായി മാറുന്നു. ഈ ചുവടുകളിൽ..

താളമുണ്ട് താളഭംഗങ്ങളുണ്ട്

എങ്കിലും...

മഞ്ഞുതുള്ളിയിലെ വർണപ്രപഞ്ചവും

മിന്നാമിനുങ്ങിന്റെ നേർത്തകിരണവും



വെൺചന്ദ്രികയുടെ കുളിർമയും സ്വപ്നങ്ങളുടെ സാഷാത്കാരവും

ഉണർത്തുപാട്ടിന്റെ ഉഷ്മളതയും



ഈ കിളിവാതിൽ കാഴ്ചകൾ പ്രദാനം ചെയ്യുമെന്ന്

ഞങ്ങൾക്ക് ഉറപ്പുണ്ട്.

# എഡിറ്റോറിയൽ ബോർഡ്

അതുൽ രാജ്ദ വി

അലീന എം ടി

അഭിനവ് എം ബി

ഗിഫ്റ്റി മരിയ

ഡോണ ജോൺസൺ

ഗോഡ്വിൻ തോംസൺ

ആകാശ് കെ ആർ

ശ്രീലക്ഷ്മി കെ ജി



# മാഗസിൻ കമ്മിറ്റി



**ടൈപ്പിംഗ് കമ്മിറ്റി**

രശ്മി കെ ആർ
അനഘ ജോസഫ്
കീർത്തന എസ് നായർ
അതുല്യ പോൾ
സാന്ദ്ര ടിസി
അനഘ കെ എ
കൃഷ്ണേന്ദു കെ കെ
അശ്വിൻ ഷാജി
മുഹമ്മദ് സിനാൻ സി എസ്
അഖിൽ സനാൻ

**പേജ് സെറ്റപ്പ് കമ്മിറ്റി**

ശ്രീലക്ഷ്മി പി എ
നീരജ ഇ എസ്
സോണിയ ടോമി
ആൽവിൻ കെ ബിനോയ്
അഭിനവ് എം യു
വിജിൽ പി എം
അശ്വിൻ ഷാജി

**പെയിൻറിങ് കമ്മിറ്റി**

നവ്യ ഇ ജി
സരുൺ കെ ബാബു
ക്രിസ്റ്റീന ബാബു
ആൻഡ്രിയ തോമസ്
അഭിനവ് കൃഷ്ണ
അശ്വന്ത് കെ ബി
സജിൻ അലോഷ്യസ്
അഖിൽ സനാൻ
പ്രണവ് സി ബി

**പേജ് അറേഞ്ച്മെന്റ് കമ്മിറ്റി**

ജോനാത് ബിജു
ബെന്നിറ്റ് മനോജ്
ഗോകുൽദാസ്
അശ്വിൻ കെ ജയൻ
അതുല്യ സുരേഷ്
ആകാശ് ടി ബി
റിസ്വാൻ സലീം

## ഉള്ളടക്കം


| | | | |
|---|---|---|---|
| കഥ | കാലം മായ്ക്കുന്ന മഴ | അന്ന ബാബു | 10 |
| കവിത | പുഴയുടെരോദനം | അപർണ ജോഷി | 11 |
| കവിത | പൂമ്പാറ്റയോട് | ഉള്ളൂർ | 12 |
| കവിത | കാറ്റ് | അലന്റീന ഇ | 13 |
| കഥ | കാട്ടിലെ നിധി | അതുൽ സുരേഷ് | 14 |
| Poem | ln memory of a damsel | Soniya Tomy | 15 |
| ലഘുവിവരണം | പി ഭാസ്കരൻ | ശ്രേയ കെ എസ് | 16 |
| കവിത | എന്റെ വിദ്യാലയം | സാന്ദ്ര എൻ എസ് | 17 |
| കവിത | വാടിയ പൂവ് | വിജിൽ പി എം | 18 |
| Story | Don't be greedy | Aleena M T | 19 |
| കഥ | സഹായഹസ്തം | ഡോണ ജോൺസൺ | 20 |
| कविता | हमारा देश | डीना जोस | 21 |
| ഡിജിറ്റൽ പെയിൻറിംഗ് | | അന്ന വിനോദ്കുമാർ | 22 |
| കഥാനിരൂപണം | കീറിപ്പൊളിഞ്ഞ ചകലാസ് | അനഘ കെ എ | 23 |
| റിപ്പോർട്ട് | കരുതലും കാവലും | ജെ ആർ സി | 25 |
| पाठक | संस्कृत पाठक | आर्षांजली पी एस | 26 |
| കവിത | മഞ്ഞക്കിളി | ബെനിറ്റ് മനോജ് | 27 |
| കഥ | രാജ്യത്തിനായി പൊരുതിയ അമ്മ | ഫാത്തിമ തസ്നി | 28 |
| കവിത | പാതിരാ ചന്ദ്രൻ | നീരജ ഇ എസ് | 29 |
| കവിത | അമ്മ മലയാളം | അനഘ ഷാജി | 30 |
| കൊളാഷ് | | അൻവിൻ സഞ്ജു ഷാജു | 31 |
| കവിത | പൂവിന്റെ ചോദ്യം | ജിജി തോമസ് | 32 |
| കവിത | നിന്നെയും കാത്ത് | റോസമ്മ സെബാസ്റ്റ്യൻ | 33 |
| റിപ്പോർട്ട് | മുളകൊണ്ടുള്ള കുട്ട നിർമ്മാണം | അജീഷ് വി എം | 34 |
| ഐ ടി പ്രോജക്ട് റിപ്പോർട്ട് | മാലിന്യസംസ്കരണം ഒരു പഠനം | ജോസ്ന റോജി | 35 |

| | | | |
|---|---|---|---|
| പോസ്റ്റർ | | ക്രിസ്റ്റീന ബാബു | 37 |
| Poem | What I like | Krishnapriya | 38 |
| ഉപന്യാസം | ഉള്ളൂരിന്റെ സാഹിത്യ സംഭാവനകൾ | നവ്യ ഇ ജി | 39 |
| Poem | Chocolate | Athulya Paul | 40 |
| ജീവചരിത്രക്കുറിപ്പ് | വിനോബ ബാവേ | ഗോഡ്‌വിൻ തോംസൺ | 41 |
| പ്രസംഗം | പ്രളയത്തിനു ശേഷമുള്ള ശിശുദിനം | കീർത്തന എസ് നായർ | 42 |
| ഡിജിറ്റൽ പെയിൻറിംഗ് | | തേജസ് പി ദിനേശ് | 43 |
| ഉപന്യാസം | കാലാവസ്ഥ വ്യതിയാനവും ജൈവ വൈവിധ്യ സംരക്ഷണവും | സാന്ദ്ര സജീവൻ | 44 |
| Biography | Vincent William Van | Andriya Thomas | 45 |
| കവിത | പൂച്ചെടി | കൃഷ്ണേന്ദു കെ കെ | 46 |
| കവിത | പ്രളയം നമ്മോട് പറഞ്ഞത് | അതുല്യ പോൾ | 47 |
| പ്രസംഗം | | ശ്രീലക്ഷ്മി കെജി | 48 |
| കവിത | തേങ്ങാപ്പൂൾ | വജ്ര ഷാജി | 49 |
| കഥ | തസ്കിക ആരാച്ചാർ വിധി ആരുടേത് | ലിസി എം ജെ | 50 |
| കവിത | ഒറ്റയ്ക്കുള്ള ജീവിതം | അഭിനവ് എം ബി | 54 |
| കവിത | തെളിയാത്ത നിറം | അനീഷ എം എം | 55 |
| കഥ | ആനയും സിംഹവും | ഗോഡ് വിൻ തോംസൺ | 56 |
| Poem | Passion fruit | Rithwik Rashid | 57 |
| Essay | Main problems that exist in our society | Archana Radhakrishnan | 58 |
| ഡിജിറ്റൽ പെയിൻറിംഗ് | | തേജസ് ജോസഫ് | 60 |
| കവിത | വിത്ത് | രത്യ രാജേഷ് | 61 |

| | | | |
|---|---|---|---|
| • കവിത | കരുണ | സാന്ദ്ര ടി സി | 62 |
| • കഥ | ചേക്കേറാനൊരു ചില്ല | എമിൻ ടി സണ്ണി | 63 |
| • കഥ | വീണ്ടടഞ്ഞ സ്വപ്നം | അഭിയ റോയ് | 65 |
| • കവിത | എന്റെ യാത്ര | ഡെൽന മാത്യു | 67 |
| • റിപ്പോർട്ട് | സ്വച്ഛതാ ഹി സേവാ | സ്കൗട്ട് ആൻഡ് ഗൈഡ് | 68 |
| • ഡിജിറ്റൽ പെയിൻറിംഗ് | | അഭിലാഷ് സിഎം | 69 |
| • Mathematical speciality | | Maths club | 70 |
| • റിപ്പോർട്ട് | | ലിറ്റിൽ കൈറ്റ്സ് | 71 |
| • കവിത | തോരാതെ വർണ്ണം | അനുപമ ടി ജെ | 72 |
| • കവിത | അമ്മയാണ് പറഞ്ഞത് | ജോസ് സ്റ്റീഫൻ | 73 |
| • കഥ | മറക്കില്ലൊരിക്കലും | ശിവാന എസ് കൃഷ്ണ | 76 |
| • റിപ്പോർട്ട് | | എസ് പി സി | 78 |
| • കവിത | കണ്ണീരിൻ നോവിൽ | അനഘ കെ എ | 80 |
| • കവിത | പൂവിതൾ | മുഹമ്മദ് സിനാൻ | 81 |
| • കഥ | തണൽമരം | അസിൻ മരിയ | 82 |
| • കടങ്കഥ | | | 84 |
| • കവിത | മിന്നാമിനുങ്ങ് | ഗോകുൽദാസ് | 85 |
| • കവിത | മഴ | ജോനാഥ് ബിജു | 86 |
| • റിപ്പോർട്ട് | | പ്രവൃത്തിപരിചയം | 87 |
| • അനുഭവക്കുറിപ്പ് | | കായികം | 88 |
| • ഉപന്യാസം | ഓസോൺ ദിനം | സയൻസ് ക്ലബ്ബ് | 89 |
| • चुटकुले | | | 90 |
| • Science Seminar The 4IR - Are we prepared? | | Tonisha Varghese | 91 |


*****



കഥ

അന്ന ബാബു

# കാലം മായ്ക്കുന്ന മഴ

അന്നത്തെ മഴ ആരുടെയൊക്കെയോ ജീവിതം മാറ്റി. അന്നെനിക്ക് മറക്കാൻ പറ്റുമോ? അവൻ ചോർന്നൊലിച്ചാ എന്റെയടുത്തു വന്നേ... ആരുമില്ലാത്തവൻ അല്ലേ എന്ന് വിചാരിച്ച് അവനെ വീട്ടിൽ കേറ്റ്യേ? അവന് നന്നായി പനിയ്ക്കുന്നുണ്ടായിരുന്നു. ചൂടുകാപ്പിയും അവിടെയുണ്ടായിരുന്ന ഒരു റൊട്ടി കഷണവും കൊടുത്തു. ഇന്ന് നേരം വെളുത്തപ്പോൾ അവൻ കെടന്നേടത്ത് ഒരു പൂട പോലുമില്ല - നാരായണൻ പറഞ്ഞു നിർത്തി. ദീർഘനിശ്വാസത്തോടെ രാഘവൻ എഴുന്നേറ്റ് പറഞ്ഞു. ഞാൻ പോണു നാരായണാ... പശുന് വെള്ളം കൊടുക്കണം. അവനെ കിട്ടിയാ വിളിക്ക്.രാഘവൻ വയൽ കടന്നു. നാരായണൻ അയാൾ പോകുന്നത് നോക്കി നിന്നു. അതിനുശേഷം നെടുവീർപ്പിട്ട അകത്തേക്ക് പോയി. അങ്ങേ വീട്ടിലെ ശാരദയുടെ മകനാണ് അപ്പുണ്ണി. വളരെ കഷ്ടപ്പാടുള്ള കുടുംബമാണ്. അച്ഛൻ മരിച്ചിട്ട് കൊല്ലങ്ങളായി. വീട്ടുജോലി എടുത്താണ് ശാരദ അവനെ പഠിപ്പിക്കുന്നത്. ഈയടുത്താണ് അവൻറെ അമ്മയും മരിച്ചത്. പറയാവുന്ന ബന്ധുക്കളൊന്നുമില്ലാത്തവനാ. അതാ ഒരീസം ഇവിടെ കിടക്കട്ടെ - വീട് നനഞ്ഞൊലിക്കുന്നു എന്ന് പറഞ്ഞപ്പോൾ നാരായണൻ അവനെ വീട്ടിൽ കയറിയത്. പിറ്റേദിവസം ചെന്നുനോക്കിയപ്പോൾ അപ്പുണ്ണീം അവന്റെ വീട്ടിലുണ്ടായിരുന്ന പട്ടി ടൈഗറും ഇല്ല! വീട് ഒക്കെ കാറ്റിന് പറന്നുപോയി. അവന്റെ ബാഗും മറ്റും അവിടവിടെയായി കിടക്കുന്നുണ്ട്. അതൊക്കെ കഴിഞ്ഞു. ഇപ്പോൾ കൊല്ലങ്ങളായി. അപ്പുണ്ണിയെ ഒക്കെ നാട്ടുകാർ മറന്നു. വഴിയരികെ ചായക്കടയിൽ നിൽക്കുമ്പോഴാണ് പരിചയമില്ലാത്ത ഒരു മുഖം കുടക്കീഴിൽ ചാഞ്ഞും മറഞ്ഞും രാഘവൻ കാണുന്നത്. പരിഷ്കാരിയായ ഒരാളാണ്. മുമ്പിവിടെ കണ്ടിട്ടില്ലല്ലോ - രാഘവൻ അയാളോട് ചോദിച്ചു. ഇവിടെ ഒരു കൺസ്ട്രക്റ്റ് ജോലിക്ക് വന്നതാണ്. എന്താ പേര് ?അയാൾ ചോദിച്ചു. ജോൺ - അയാൾ കുടമെല്ലെ താഴ്ത്തി പറഞ്ഞു.എവിടെയാ താമസം? ഇവിടെ ഒരു വീട് വാങ്ങിയിട്ടുണ്ട് - അയാൾ അത് പറഞ്ഞു മുന്നോട്ടു നീങ്ങി.

കരിയിലകൾ വീണുകിടക്കുന്ന ഒരു വീട്ടുമുറ്റത്തേക്ക് കുട മടക്കി അയാൾ കയറി. അയാൾ ആവീടിൻറെ ഇറയത്ത് വന്നിരുന്നു. ഒരു കട്ടൻ കാപ്പി വെച്ച് ചാരുകസേരയിലിരുന്ന് അയാൾ നാടാകെ ഒന്ന് കണ്ടു. മുൻപയാൾ ആ നാട്ടിൽനിന്ന് പോരുമ്പോൾ അയാളുടെ കണ്ണിൽ ചുറ്റും തോരാമഴയായിരുന്നു. അയാൾ മുറ്റത്തേക്ക് നോക്കി. മഴ കുറഞ്ഞു വരുന്നു പോകപ്പോകെ അതില്ലാതാവുന്നു. ചുറ്റുമുള്ള മഴ അയാളുടെ കണ്ണുകളിൽ ഇന്നില്ല...

അപർണ ജോഷി

കവിത

# പുഴയുടെ രോദനം

കേൾക്കുന്നുവോയെന്റെ രോദനം നീ
നിലയ്ക്കാത്തൊരോർമ്മ മാത്രമായി ഞാൻ
അറിയുന്നുവോയെന്റെയുള്ളിലെ വേദന
മരിക്കുന്നിതായിന്നു ദിനമായി ഞാൻ

നിറയുന്നതാ ഇന്നെന്മാറിടം
മീനല്ല, ഞണ്ടല്ല, മാലിന്യമായ് -
പുളയുന്നിതാ എന്റെ മാനസം
എരിയുന്നൊരീകൊട്ടുംവേനലിൽ.

ഒഴുകുന്നിതായിന്നശുദ്ധയായ് ഞാ -
നീവഴിത്താരകളിലൂടെ
എന്നിലെ ജീവന്റെ സ്മൃതികളോരോന്നും
എങ്ങോപോയ് അകലുന്നിതീരാവിൽ.



ഓർക്കുന്നു ഞാനെന്റെ പോയകാലം
തിരികെ വരില്ലെന്ന വേദനയാൽ -
ഒഴുകിയിരുന്നു ഞാനമൃത് പോലെ
ഇളംകാറ്റിൽ ഓളങ്ങൾ ചിമ്മിമെല്ലെ.

അറിയില്ല എവിടേക്കെന്നെനിക്ക്
ഒഴുകുന്നു ഞാൻ വിഷമായവുമായ്
ഒഴുകുന്നിതാ നിസ്സഹായയായി ഞാൻ
നിലയ്ക്കാത്തൊരോർമ്മ മാത്രമായി.

**കവിത**

# പൂമ്പാറ്റയോട്

ചിത്ര പതംഗമേ! നിന്നെ - കണ്ടെൻ -
ചിത്തം തുടിച്ചുയർന്നു.
വാർമഴവില്ലിൻ സത്താൽ - ത്തന്നെ
നാന്മുഖൻ  നിൻ മെയ് ചമച്ചു;
ആനന്ദത്തിന്റെ രസത്താൽ - ത്തന്നെ
മാനസം തീർത്തതിൽ വച്ചു
എൻ മണിക്കുട്ടന്നു  വാഴാ - നൊരു
നന്മലർ തോട്ടവും നൽകി.
ചെന്തളിർ ചൂടും ചെടികൾ - പൂവാം
പൊൻ തളികയ്ക്കകം നീളെ,
തേനമൃതം ചുമന്നെങ്ങും - നില്പൂ
ചേണിൽ നിൻ പൈദാഹമകറ്റാൻ



ഇമ്മട്ടിലമ്മമാർ നിന്നെ - ക്കനി -
ഞ്ഞുമ്മവച്ചൂട്ടാനിരിക്കെ,
മറ്റെന്തുവേണം നിനക്കീ മന്നിൽ?
മുറ്റം നിൻ ഭാഗ്യമേ ഭാഗ്യം!
ഓമൽ ചിറകു കുടഞ്ഞും,- തത്തി -
ത്തുമയിലെങ്ങു പാഞ്ഞും
വട്ടത്തിൽ ചുറ്റിക്കളിച്ചും, -  മന്ദം -
മട്ടലരിൽ ചെന്നണഞ്ഞും
പൂമ്പൊടി മെയ്യിലണിഞ്ഞും, -  തല്ലു -
ചാമ്പിയിടയ്ക്കിടെ നിന്നും
തെന്നലിൽ പാറിപ്പറക്കും -  നിന്നെ
വിണ്ണവൾ കൂടി കൊതിക്കും

ഉള്ളൂർ
തപ്തഹൃദയം

കവിത

അലന്റീന ഇ

# കാറ്റ്



മന്ദംമന്ദം വീശുന്ന കുഞ്ഞിക്കാറ്റേ
തഴുകിത്തലോടി നീങ്ങും ഇളംകാറ്റെ
മലർമണം ഏറിവരും പൂങ്കാറ്റേ
നിൻ തലോടൽ ഏൽക്കാൻ എന്തുരസം

നിൻ വരവിനെ എതിരേൽക്കാൻ കാതോർത്തു -
നിൽക്കുന്ന പൂച്ചെടികളും - മരങ്ങളും
കുളിർതെന്നലായി നിവരുമ്പോൾ
മന്ദംമന്ദം അവ തലയാട്ടിടുന്നു

പൊഴിക്കുന്നു കായകളും പൂക്കളും
നിൻ സ്പർശനത്തിൽ സന്തോഷത്താൽ...



കഥ

അതുൽ സുരേഷ്

# കാട്ടിലെ നിധി

ഒരിടത്ത് ദൂരെയുള്ള ഗ്രാമത്തിൽ ഒരു മുത്തശ്ശനും മുത്തശ്ശിയും താമസിച്ചിരുന്നു. കാട്ടിൽനിന്ന് വിറകുവെട്ടി വിറ്റാണ് അവർ ജീവിച്ചിരുന്നത്. അവർ എന്നും രാവിലെ കാട്ടിൽ വിറക് വെട്ടാൻ പോകും. ഒരു ദിവസം അവർ വിറകുവെട്ടിക്കൊണ്ടിരുന്നപ്പോൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. അവർ അമ്പരന്നുപോയി. കരച്ചിൽ കേട്ട ഭാഗത്തേക്ക് അവർ ഓടിച്ചെന്നു. നോക്കുമ്പോൾ ഒരു കൊച്ചുകുഞ്ഞ് കൈകാലിട്ടടിച്ച് കരയുന്നു! ദേഹം മുഴുവൻ കരിയിലയും ഉറുമ്പും ഉണ്ടായിരുന്നു. മുത്തശ്ശി ഓടിച്ചെന്ന് കുഞ്ഞിനെ വാരിയെടുത്തു. അവരുടെ കൈയിലെ തുണികൊണ്ട് കുഞ്ഞിനെ തുടച്ചു. ഓമനത്തമുള്ള കുഞ്ഞിനെ അവർ വാരിപ്പുണർന്നു. ആരോരുമില്ലാത്ത അവർക്ക് ആ കുഞ്ഞിനെ കണ്ടപ്പോൾ വലിയ സന്തോഷമായി. ആ കുഞ്ഞിനെ അവർ വീട്ടിലേക്ക് കൊണ്ടുപോയി. വിറക് ശേഖരിച്ച് വിറ്റ് കുഞ്ഞിനെ വളർത്തി. ഗ്രാമത്തിൽ വിട്ട് പഠിപ്പിച്ചു. കുഞ്ഞു വലുതാകുംതോറും അവർക്ക് കഷ്ടപ്പാടുകൾ വന്നു. എങ്കിലും അവർക്ക് കുഞ്ഞിനെ ഉപേക്ഷിക്കാൻ തോന്നിയില്ല. പണത്തിനുവേണ്ടി കഠിനമായി ജോലി ചെയ്തു. ഒരു ദിവസം ആ കുഞ്ഞിനെ തേടി ഒരു സ്ത്രീ വന്നു. ആ കുഞ്ഞ് തന്നതാണെന്നും അതിനെ തിരിച്ചു തരണം എന്നും അവർ ആവശ്യപ്പെട്ടു. എന്നാൽ മുത്തശ്ശിക്കും മുത്തശ്ശനും അത് താങ്ങാനാവുമായിരുന്നില്ല. എന്നാലും പ്രായമേറി വരുന്നതിനാൽ കുഞ്ഞിനെ വിട്ടുകൊടുക്കാൻ അവർ തയ്യാറായി. പക്ഷെ തന്നെ ഇത്രയും കാലം വളർത്തിവലുതാക്കിയ അവരെ വിട്ടുപോകാൻ ആ കുട്ടി തയ്യാറായില്ല. തന്നെ ഉപേക്ഷിച്ച കടന്നുകളഞ്ഞ അമ്മയോട് ഒപ്പം പോകാൻ ആ കുട്ടി വിസമ്മതിച്ചു. സ്നേഹനിധികളായ ആ മുത്തച്ഛനോടുംമുത്തശ്ശിയോടും കൂടെ അവൻ വളരെക്കാലം സന്തോഷത്തോടെ ജീവിച്ചു.



**Poem**

**Soniya Tomy**

# In memory of a damsel

Like a free bird I wish to fly high...
Away from the pains i hide in
My deep sigh...
I could feel words dying in between in my lips
Alone I stand here my heart beats skip
Baffing  she was like the secrets
She had in her mane
Uncanny this world remembers her
Sunshine mixed with a little hurricane
Hecate and Irene   both in her did abide
I and her,  the two extremes collide
Perished in storms of time
The world will never know where I hid her



ലഘുവിവരണം | ശ്രേയ കെ എസ്

# പി ഭാസ്കരൻ



1924 - 2007

കവി, ഗാനരചയിതാവ് , ചലച്ചിത്രകാരൻ, മാധ്യമ പ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലി ചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിന്റെ ആദ്യ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ സി ഡാനിയൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തമ്പുരു, ഓർക്കുകവല്ലപ്പോഴും, വയലാർ ഗർജ്ജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽ കാറ്റ്, രണഭേരി, കർഷക ഗാനം, മുൾകിരീടം, മുഖത്തോടുമുഖം(കവിതകൾ), ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുരിപ്പാല് (ഗാന സമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമാണം(ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാനകൃതികൾ.

കവിത

സാന്ദ്ര എൻ എസ്

# എന്റെ വിദ്യാലയം

അറിവായ് നിറവായ് വിദ്യാലയം
എന്റെ ഉഗ്രസ്സദസ്സാവും വിദ്യാലയം
അക്ഷര പാദങ്ങൾ തൊട്ടുനമസ്കരിച്ചാ -
ദ്യാക്ഷരങ്ങൾ ഞാനോർത്തു വച്ചു,
പിന്നീടതു ഞാൻ കുറിച്ചുവെച്ചു.

അറിവായ് നിറവായ് വിദ്യാലയം...
പുഷ്പ സൗന്ദര്യത്തിൻ വിദ്യാലയം...
ഈ നിറകുടം ആകുന്ന വിദ്യാലയം...




ഗുരുഭൂതരുടെയുപദേശങ്ങൾ ഞാനോർത്തു -
വെച്ചു - വന്ന് കുറിച്ചുവെച്ചു.
മനതാരിൽ വിരിയുന്ന പൂക്കളാവും നമ്മൾ
അക്ഷര മാതൃ സൗന്ദര്യം നുണയും
അമ്മതൻ വാക്കുകളോതി -
ത്തന്നു നമ്മെ പഠിപ്പിച്ച ഗുരു -
നാഥരെയോർത്തുവെന്നും....
നമ്മുടെ സ്വന്തം വിദ്യാലയം...വിദ്യാലയം...

നമ്മൾ നുണഞ്ഞറിയുന്നിതാ മാതൃഭാഷ...
നുണയുന്ന നുണയുന്ന മാതൃഭാഷ... അറിവായ് നിറവായ് വിദ്യാലയം...
എന്റെ ഉഗ്രസ്സദസ്സാവും വിദ്യാലയം...
വിദ്യാലയം... എന്റെ വിദ്യാലയം...

കവിത

സമ്പാ: വിജിൽ പി എം

# വാടിയ പൂവ്



ആദ്യമെൻ ചെടിയിൽ വിരിഞ്ഞ പൂവ്
ആദ്യമായി ചുംബിച്ച വെച്ചപൂവ്
പിന്നെയായ് ചുംബിക്കാനെത്തുന്ന വേളയിൽ
വാടിത്തളർന്നങ്ങ് നിന്നപൂവ്

അമ്മയാം ചെടിയുടെ ചുണ്ടിലായി
സ്നേഹാമൃതം ളുകി നിന്നപൂവ്
വാടുന്ന നേരത്താകാതിലായി
അരുതേയെന്നോതി പറഞ്ഞപൂവ്

ജിജി തോമസ്

Story

Aleena M T

# Don't be greedy

One day Romy went to his uncle's shop. There Romy was offered to take some chocolates from a jar. That jar had a narrow neck and was full of chocolates.

Seeing the chocolates the boys mouth started watering, so he put his hand into the jar and held as many chocolates as his hand could grasp. But when he pulled it out, could not do so. He felt very disappointed.

Romy's uncle was noticing him from a distance. He said, dear don't be greedy.Be satisfied with the minimum number of chocolates at a time.





കഥ

ഡോണ ജോൺസൺ

# സഹായഹസ്തം

ആരും ഒന്നും പ്രതീക്ഷിക്കാതെ പെട്ടെന്ന് ആ വണ്ടി വീട്ടുമുറ്റത്ത്, അമ്മ മകൾ റോസിനോട് ചോദിച്ചു. ആരാ മോളെ മുറ്റത്ത്? അറിയില്ലമ്മേ, ഞാനൊന്നു നോക്കട്ടെ.

അത് ബാങ്ക് മാനേജർ ആയിരുന്നു. റോസ ചോദിച്ചു. എന്താ സാർ പെട്ടെന്ന്? അയാൾ ദേഷ്യത്തോടെ ഒരു നോട്ടം നോക്കിയ്ട്ട് പറഞ്ഞു. എത്ര നോട്ടീസയച്ചു? ഒരു ചില്ലിക്കാശുപോലും നിങ്ങൾ അടച്ചില്ലല്ലോ? ഇത് അവസാനത്തെ താക്കീതാണ്. ഇനി നിങ്ങൾക്ക് അവസരം തരുകയില്ല.

ക്ഷമിക്കണം സാർ, ഇല്ലാത്തതുകൊണ്ടല്ലേ...

അതൊന്നും പറഞ്ഞാൽ എന്റെ മേലുദ്യോഗസ്ഥർ അംഗീകരിക്കില്ല. ഞാൻ പോകുന്നു.



അമ്മ മറിയം പറഞ്ഞു. ബാങ്കിൽ നിന്നാണല്ലേ, മോളെ? ഉം ഈ അവസ്ഥയിൽ ഒരു ജോലിയില്ലതെപിടിച്ചുനിൽക്കാൻ കഴിയില്ല.

അതെ, അമ്മേ. ഞാൻ നോക്കട്ടെ.

പത്രത്തിലെ പരസ്യം കണ്ട് അവൾ ഇൻറർവ്യൂവിന് പോകാൻ തയ്യാറായി. അവൾ കയറിയ ബസ്സിൽ മിക്കവരും ആ സ്ഥലത്തേക്കായിരുന്നു. ആ കൂട്ടത്തിൽ ഒരു പ്രായമായ സ്ത്രീയുമുണ്ടായിരുന്നു. ആ സ്ത്രീയും അതേ സ്ഥലത്തിറങ്ങി. സ്ത്രീ വീണു. ആ സ്ത്രീയെ ആരും തിരിഞ്ഞുനോക്കിയില്ല. എന്നാൽ റോസ് സ്ത്രീയെ പിടിച്ച് എഴുന്നേൽപ്പിച്ചു. ആ സ്ത്രീ നന്ദിയോടെ ചോദിച്ചു - എന്നേം കൂടി അങ്ങോട്ട് കൊണ്ട് പോകാമോ? റോസ് സമ്മതിച്ചു. പക്ഷെ അവളുടെ മനസ്സിൽ പേടി ഉണ്ടായിരുന്നു. ഇന്റർവ്യൂവിന് കൃത്യസമയത്ത് എത്താനാവില്ലല്ലോ...പക്ഷെ ഭാഗ്യത്തിന് സമയമായിട്ടില്ലായിരുന്നു.

റോസിന്റെ പേരുവിളിച്ചു. അപ്പോളതാ പ്രായമായ സ്ത്രീ! സ്ത്രീ റോസയോട് പറഞ്ഞു. ഞാൻ മോളെ നോക്കിയിരിക്കുകയായിരുന്നു. മോളെ ഈ ജോലിയിൽ സെലക്ട് ചെയ്തിരിക്കുന്നു. റോസയ്ക്ക് വളരെയധികം സന്തോഷമായി.

ഇതിൽ നിന്നും മനസ്സിലാക്കുന്നത് പ്രതിഫലം ലഭിക്കുമെന്ന് കരുതി നാം ഒരു പ്രവർത്തിയും ചെയ്യരുത്. നാം ചെയ്യുന്ന പ്രവർത്തിക്ക് ദൈവം പ്രതിഫലം നൽകും.

कविता

डीना जोस

# हमारा देश



भारत है हमारा देश
यह बहुत सुंदर देश है ।
नदी जंगल और पहाड़ों से भरा
देश का भूषण है हरिणीमा ।
एकता देश का भाव
त्याग से भरा समर्पण ।
सत्य धर्म न्याय आगे
वेष भाषा में एकता ।
यह कवियों और वीरों का देश
है
देश प्रेमियों का देश है ।
हमें अभिमान है इसका की
हम उस देश के वासी ।



**ഡിജിറ്റൽ പെയിന്റിംഗ്**

**അന്ന വിനോദ്കുമാർ**



കഥാനിരൂപണം **അനഘ കെ എ**

# കീറിപ്പൊളിഞ്ഞ ചകലാസ്

-

ആധുനിക ജീവിതപരിസരങ്ങളിൽ ബന്ധങ്ങൾക്ക് സംഭവിക്കുന്ന ശൈഥില്യം പ്രമേയമാക്കിയ കഥയാണ് മാധവിക്കുട്ടിയുടെ കീറിപ്പൊളിഞ്ഞ ചകലാസ്. അമ്മയും മകനും തമ്മിലുള്ള ശിഥില ബന്ധത്തിൻറെ പ്രതീകം തന്നെയാണ് ഇത്.

സർക്കാർ ജീപ്പിൽ വീടിനു മുൻപിൽ ഗോപി വന്നിറങ്ങുന്നു. അഞ്ചു വർഷമായി അയാൾ വീട്ടിൽ വന്നിട്ട്. ഒരു വർഷമായി കത്തുപോലും അയച്ചിട്ടില്ല. വൃദ്ധയായ അമ്മ മകനെ കുറിച്ചുള്ള ഓർമകളിൽ മുഴുകി കാലം കഴിക്കുന്നു. തങ്ങളെ വേണ്ടരീതിയിൽ പരിഗണിക്കാത്തതിൽ വിധവയായ മൂത്ത സഹോദരിക്കു പരിഭവമുണ്ട്. മകൻ മുന്നിൽ വന്നു നിന്നിട്ട് പോലും തിരിച്ചറിയാനാകുന്നില്ല അമ്മയ്ക്ക്. അമ്മയുടെ ഓർമ്മകുറവ് ജീവശാസ്ത്രപരമായ ഒന്നാണ് - അത് വാർദ്ധക്യസഹജവുമാണ്. എന്നാൽ ഗോപിയുടെ ഓർമ്മക്കുറവ് സ്വാഭാവികമല്ല. അമ്മയെയും വീടിനെയും ജോലിത്തിരക്കുമൂലം തള്ളിക്കളഞ്ഞിരിക്കുകയാണ് വില്ലനായ മകൻ.

മുമ്പ് മകൻ മദിരാശിയിൽനിന്ന് കൊണ്ടുകൊടുത്ത ചകലാസ് കീറിപ്പൊളിഞ്ഞിരിക്കുന്നു. ചകലാസ് ശരീര സുരക്ഷിതത്വത്തിന് ആണല്ലോ. അമ്മയും മകനും തമ്മിലുള്ള ശിഥില ബന്ധത്തിൻറെ പ്രതീകം തന്നെയാണ് കീറിപ്പൊളിഞ്ഞ ചകലാസ് .മഞ്ഞുകാലത്ത് പുതയ്ക്കാൻ മകൻ പുതിയ ചുവന്ന ചകലാസ് കൊടുക്കണമെന്ന് അമ്മ ആഗ്രഹിക്കുന്നു. വാർദ്ധക്യദശയിൽ മകൻ തന്നെ സംരക്ഷിക്കുമെന്ന് അമ്മ കരുതുന്നു. അമ്മയും മകനും തമ്മിലുള്ള രക്തബന്ധത്തിന്റെ ചുവപ്പാണ് ചകലാസിനും ഉണ്ടാകേണ്ടത്. എന്നാൽ സ്നേഹ സംരക്ഷണങ്ങൾ നൽകിയിരുന്ന അമ്മ അയാൾക്ക് ഒരു കീറിയ ചകലാസ് ആണ്. ആധുനിക ജീവിതവും ഔദ്യോഗിക തിരക്കുകളും അയാളെ അമ്മയിൽ നിന്ന് അകറ്റുന്നു. അതുകൊണ്ടുതന്നെ അയാൾ വെറും കയ്യോടെയാണ് വന്നിരിക്കുന്നത്. അമ്മയെ കാണുക എന്നതല്ല അയാളുടെ യാത്രോദ്ദേശ്യം,കുടുംബജീവിതം നേരിടാൻ തന്റെ സ്വത്ത് ഭാഗം വയ്ക്കുന്നതിനെക്കുറിച്ച് സഹോദരിയോട് സംസാരിക്കാനാണ് വന്നതെന്ന് അദ്ദേഹം തുറന്നുപറയുന്നു.

അമ്മ അയാളുടെ മനസ്സിലില്ല. അമ്മ തന്നെ തിരിച്ചറിയാത്തതിൽ അയാൾക്ക് അല്പം പോലും വേദനയില്ല. അന്യനായ മകനോട് തനിക്ക് ചുവന്ന ചകലാസ് വാങ്ങിക്കൊടുക്കാൻ പറയാൻ സ്വന്തം മകനെ ഏൽപ്പിക്കുന്ന അമ്മ പുതിയ കാലത്തിലെ നിരാലംബ മാതൃത്വത്തിന്റെ പ്രതീകംകൂടിയാണ്. നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപി എന്ന സഹോദരിയുടെ മുഴങ്ങിക്കേൾക്കുന്ന സമൂഹ ധ്വനിയുള്ള ചോദ്യത്തിൽ കഥ അവസാനിക്കുന്നു. ജോലിത്തിരക്കുമൂലം മാതാപിതാക്കളെ സംരക്ഷിക്കേണ്ട മക്കൾ വൃദ്ധസദനം തേടുകയാണ്.

പുതുതലമുറയെ വരച്ചുകാട്ടുകയാണ് ഇവിടെ മാധവികുട്ടി. ബന്ധശൈഥില്യമെന്ന ദുരവസ്ഥ മനുഷ്യജീവിത പ്രയാണത്തിനിടയിൽ എന്നും സംഭവിച്ചു പോയിട്ടുള്ളതാണെങ്കിലും ഇന്നതിന് സമൂഹമായ ചില മാനങ്ങൾ കൂടി കൈവന്നിരിക്കുന്നു. കടമകളും കടപ്പാടുകളും മറക്കുന്ന തലമുറയാണ് ഇന്നുള്ളത്. മാധവിക്കുട്ടിയുടെ അമ്മ,കോലാട് എന്നീ കഥകളിലും ഇതേ ആശയം തന്നെയാണ് ആവിഷ്കരിച്ചിരിക്കുന്നത്.



റിപ്പോർട്ട്

# കരുതലും കാവലും

ചിക്കൻ ബിരിയാണി രണ്ടു പേർക്കുള്ളത് കടയിൽനിന്നു വാങ്ങി - കുറച്ച് പലഹാരങ്ങളും... വിദ്യാലയത്തിൽനിന്ന് ജെ ആർ സി കേഡറ്റുകൾ ആ ചെറിയ കുന്നു കയറിയപ്പോൾ പണിതീരാത്ത വീട്ടിൽ നിരാലംബരായ രണ്ടുവൃദ്ധമാതാപിതാക്കൾ... കണ്ണു നിറഞ്ഞുപോയി. കുടിവെള്ളം ട്യൂബുവഴി മലയിൽനിന്നും ടാങ്കിലെത്തിക്കണം. ഞങ്ങൾ ചെല്ലുമ്പോൾ വെള്ളമില്ല. അടുപ്പിൽ പുകഞ്ഞിട്ടില്ല. ഞങ്ങളിലെ സ്നേഹം, സേവനം ഉണർന്നു. ഞങ്ങൾ പൊടുന്നനെ കർമ്മനിരതരായി. കുറച്ചുപേർ കുടിവെള്ളമെത്തിച്ചു. കുറച്ചുപേർ വീടും പരിസരവും ശുചിയാക്കി. മറ്റുചിലർ കുശലാന്വേഷണത്തോടെ കൈകാലുകളിലെ നഖം വെട്ടിക്കൊടുത്തു.

ഏകമകൻനുണ്ടായിരുന്നു. രാജ്യ സേവനത്തിനായി മാതാപിതാക്കളുടെ അനുഗ്രഹാശിസുകളോടെ പുറപ്പെട്ടതാണ്. ദുരൂഹസാഹചര്യത്തിൽ മൃതിയടഞ്ഞ മകനെക്കുറിച്ചുള്ള വേദന വൃദ്ധദമ്പതികൾ ഞങ്ങളോട് പങ്കുവെച്ചു. സ്വാന്തനവാക്കുകൾ പകർന്നും പരിചരിച്ചും ഒന്നിച്ചു ഭക്ഷണം കഴിച്ചും തിരികെ നടന്നപ്പോൾ... കണ്ണ് നിറഞ്ഞെങ്കിലും... മനസ്സുനിറഞ്ഞു ...എന്തോ നല്ല കാര്യം ചെയ്തു ചെയ്തതിന്റെ കൃതാർത്ഥത ഹൃദയത്തിൽ തുടിതാളം മുഴക്കി... അഭിമാനം തോന്നി:

**'ഞങ്ങൾ കേഡറ്റ് ഞങ്ങൾ ജെ ആർ സി കേഡറ്റ്'**



# संस्कृत पाठक

अस्मांक विद्यालये संस्कृतोत्सवे पाठकावतरणों उपजिला स्पर्धायाँ प्रथमर-स्थानम, जिलास्पर्धायाँ तृतीय स्थान ग्रेड - आर्षाँजली नाम विद्यार्थिनी।

## पौराणिक कथाकथन एवं पाठक नाम कलारूप

अतीव लालित्य रह सज्जीकरणं अस्यकलारूपाणां अरित। पाठककलाकारः वाड़्मी एवं स्यारा वाध्य पप्रयोगः अनुष्ठान कर्माणां च पाठकार न दृश्यते।



കവിത

ബെന്നിറ്റ് മനോജ്

# മഞ്ഞക്കിളി

കാറ്റിൻറെ കൈത്തുമ്പിലാടുന്ന ചില്ലയ്ക്കു
മീതെക്കിടപ്പാണ് കുഞ്ഞികിളി
ആയിരം  ചില്ല്യ്ക്കുമേൽ കൂട്ടുകൂട്ടാൻ
കിളിയിന്നുണ്ടല്ലോ കാട്ടുനീളെ

തെക്കേ കൊമ്പിലെ മാങ്ങകൾ കൊത്തിടാൻ
മോഹിച്ചു പാറുന്ന വാനങ്ങളിൽ
നാളുകളേറെ കടന്നുപോയി അന്ന്
മാമ്പഴം തിന്ന് രസിച്ചു പോയി

വീണ്ടും തിരിച്ചെത്തി കാട്ടിലേക്ക്
പക്ഷേ കാടിന്മുഖം വീണ്ടടഞ്ഞുവല്ലോ
വൃക്ഷങ്ങളില്ല വാനപ്പരപ്പിൽ
വിടവു മാത്രം എന്തിന് ക്രൂരത

വേരുണ്ട് മണ്ണിൽ മനുഷ്യർക്കു തുണയായ്
ജീവിക്കുവാൻ ഇന്ന് മണ്ണില്ലയോ.



കഥ

ഫാത്തിമ തസ്നിനി

# രാജ്യത്തിനായി പൊരുതിയ അമ്മു

ഒരു രാജകൊട്ടാരത്തിൽ അമ്മിണി എന്ന വേലക്കാരി ഉണ്ടായിരുന്നു. അവളെ കൊട്ടാരത്തിലെ എല്ലാവർക്കും ഇഷ്ടമാണ്. അവളുടെ ഭർത്താവ് ആ കൊട്ടാരത്തിലെ സൈനികനാണ്. അവൾക്ക് ഒരു മകളുണ്ട് -അമ്മു. കൊട്ടാരത്തിലെ അപ്പുവുമായി അവൾക്ക് നല്ല അടുപ്പമായിരുന്നു. അവർ ഒരുമിച്ച് കളിക്കാറുണ്ട്.

ഒരുദിവസം അമ്മിണി അസുഖം ബാധിച്ച് കിടപ്പായി. അതേദിവസം തന്നെ അവളുടെ ഭർത്താവ് യുദ്ധത്തിനു പോയി. യുദ്ധത്തിൽ വെട്ടേറ്റയാൾ മരിച്ചു. അവളെ കാണാൻ എല്ലാവരും എത്തി. പക്ഷേ അവൾ ജീവനുതുല്യം സ്നേഹിച്ച അവളുടെ ഭർത്താവിനെ മാത്രം കണ്ടില്ല. അവൾ ആ ജനക്കൂട്ടത്തിൽ ഒന്നടങ്കം നോക്കി. പക്ഷെ അയാളെ അവിടെയെങ്ങും കണ്ടില്ല. കാലം കടന്നുപോയി. അമ്മു വളർന്നു. അമ്മിണിയും മരണത്തിന് കീഴടങ്ങി. അനാഥയായ അമ്മുവിനെ അപ്പു വിവാഹം കഴിച്ചു. ആദ്യം എല്ലാവരും എതിർത്തു. പിന്നെ അവളുടെ സ്വഭാവം കണ്ട് എല്ലാവരും അവളെ ഇഷ്ടപ്പെട്ടു.

ഒരു ദിവസം അന്യരാജ്യ യുദ്ധം പ്രഖ്യാപിച്ചു. എല്ലാവരും യുദ്ധത്തിനൊരുങ്ങി അപ്പുവും. ഇത് കണ്ട് അമ്മുവും. എല്ലാവരും അവളെ എതിർത്തു. പക്ഷേ അവൾ പറഞ്ഞു. രാജ്യത്തിന് വേണ്ടി പൊരുതാൻ എനിക്ക് സന്തോഷമേയുള്ളൂ എന്റെ അച്ഛൻ പൊരുതിയത് പോലെ എനിക്കും പൊരുതണം.അവർ യുദ്ധസ്ഥലത്തേക്കു പോയി. യുദ്ധം തുടങ്ങി. അമ്മുവിന് രണ്ടുമൂന്ന് വെട്ടേറ്റു. പക്ഷേ അവൾ കൂട്ടാക്കിയില്ല. യുദ്ധം തുടർന്നു. അന്യ രാജ്യത്തിലെ രാജാവും സൈനികരും മരണത്തിൻ വക്കിലെത്തി. രാജ്യം ജയിച്ചു.

അമ്മു എല്ലാവരോടും വിട പറഞ്ഞ് ആ മണ്ണിലേക്ക് പിടഞ്ഞുവീണു. കൊട്ടാരത്തിലെ എല്ലാവരുടെയും അപ്പുവിന്റെയും കണ്ണിൽനിന്ന് കണ്ണുനീർ പെയ്തിറങ്ങി. എല്ലാവരും നിറകണ്ണോടെ വിളിച്ചുപറഞ്ഞു. രാജ്യത്തിനു വേണ്ടി പൊരുതിയ അമ്മു.

കവിത

നീരജ ഇ എസ്



# പാതിരാ ചന്ദ്രൻ

മോളെ വേഗമുറങ്ങു മകളെ
അമ്പിളിമാമൻ നിലാവിൽ മുഴുകി
നക്ഷത്രങ്ങൾ മിന്നി മിന്നി തിളങ്ങി
നിലാവിൽ ഭൂമി സ്വപ്നം കണ്ട് മയങ്ങി

മോളെ വേഗമുറങ്ങു മകളേ
മൂങ്ങകൾ നിലാവുള്ള രാത്രിയിൽ കിണങ്ങി
കുരങ്ങന്മാർ അമ്മയോടൊപ്പം മയങ്ങി
പാതിരാ ചന്ദ്രൻ പാതി മയങ്ങി

മോളെ വേഗമുറങ്ങു മകളേ
പാതിരാ പൂക്കൾ വിരിയാൻ തുടങ്ങി
പാതിരാവിൽ മണവും മുഴുകി
ആസ്വദിച്ച ഉറങ്ങു മകളെ നീയും

മോളെ വേഗമുറങ്ങു മകളേ
പക്ഷികൾ ചന്ദ്രൻറെ നിലാവിൽ മുഴുകി
കൊത്തിക്കനിയും ചുണ്ടുകളാൽ ഇവരും
തേനിൻറെ രസമാണീചന്ദ്ര നിലാവിൽ

മോളേ വേഗമുറങ്ങു മകളേ
കുയിലുകൾ മയിലുകൾ പറവകൾ
ചന്ദ്രനെ നിലാവിൽ ഒന്നങ്ങ് മയങ്ങി
നീയുറങ്ങ് മക്കളെ വേഗം.

കവിത

അനഘ ഷാജി

# അമ്മ മലയാളം

മനസ്സിൽ നിന്നുയരുന്ന മലരാണിതമ്മ
മലയാളമെന്നൊരു മധുവാണിതമ്മ
കേരളത്തനിമയായുയരുന്നൊരമ്മ
ജീവിതപാതയിൽ ദീപമായമ്മ.



മലയാള ഭാഷയായ് തെളിയുന്ന ദീപമായ്
സൂര്യനിൽ കാന്തിവിരിയ്ക്കുന്നിതമ്മ
ജന്മജന്മാന്തര പുണ്യമായ് തീരുവാൻ
ഈശ്വരൻ സൃഷ്ടിച്ച വരവാണിതമ്മ.

ഉരുകുന്ന ജീവനിൽ ഉണർവേകിടാനിത
കൂട്ടിനായ് കൂടെയുണ്ടെന്നുമീയമ്മ
പുഞ്ചിരിളുവുന്ന പൂനിലാവേറ്റിതാ
ധന്യമായി മാറുന്ന മലയാളമമ്മ.

മലയാളഭാഷതൻ കാന്തിയെക്കാക്കുവാൻ
കേരളതനിമയിന്നുമേയുണ്ട്
മലയാളഭാഷതൻ കാന്തിയെ കാക്കുവാൻ
കേരളതനിമയിനിന്നുമേയുണ്ട്.

കൊളാഷ്

അൻവിൻ സഞ്ജ ഷാജ



കവിത

# പൂവിന്റെ ചോദ്യം



ചെടിയുടെ മൊട്ടിൽ വിരിഞ്ഞയെന്നെ
പൂവെന്നാദ്യം വിളിച്ചതാര് ?
എന്നിലെ കൈകളെ ഓരോന്നിനെയും
ഇതളുകൾ എന്നാദ്യം വിളിച്ചതാര് ?

ഇതൾതന്നിടയിലെ പൊടികളെയോ
പൂമ്പൊടിയെന്നാദ്യം വിളിച്ചതാര് ?
എന്റെ മുകുളത്തിലോരോന്നിലും
തേൻതുള്ളിയുണ്ടെന്ന് ചൊന്നതാര് ?

ജിജി തോമസ്

കവിത

റോസമ്മ സെബാസ്റ്റ്യൻ

# നിന്നെയും കാത്ത്

ഒരു നോക്കുകാണുവാൻ
ഒരു മൊഴി മിണ്ടുവാൻ
ഇന്നും ഞാൻ നിനച്ചരിപ്പൂ
ജനലഴികളിൽ കൂടി നോക്കിയിട്ടും
പല രാപകലുകൾ എണ്ണിയിട്ടും
നിന്നോർമ്മകളിൽ ദിനം കഴിച്ചിട്ടും
വരുമെന്ന് ചൊന്നിട്ടും
നീയിന്നും വന്നതേയില്ല
മനസ്സിൽ ഇന്നു നിന്നോർമ്മക -
ളെരിയുന്നുവെങ്കിലും നീ -
യീവഴിയിലൂടെയിന്നു വരാൻ ആഗ്രഹിച്ചില്ലയോ?
മറന്നുവോ ഇന്നെന്നെ മറക്കാൻ കഴിഞ്ഞുവോ
ഞാനിനിയുമിരിക്കും നിന്നെയും കാത്ത്.

റിപ്പോർട്ട്

അജീഷ് വി എം

# മുള കൊണ്ടുള്ള കുട്ട നിർമ്മാണം

### സാമഗ്രികൾ

മുള
കത്തി

### പ്രവർത്തനരീതി

മുള കീറി വള്ളി രൂപത്തിലാക്കുന്നു. മുളകൊണ്ടുള്ള കാലുകൾ ഉറപ്പിക്കുന്നു. രണ്ടു പൊളി വട്ടത്തിൽ ചുറ്റുന്നു. വെള്ളപ്പൊളികൾ വട്ടത്തിൽ ഒരെണ്ണം ചുറ്റുക. ശേഷം മറ്റൊരു പൊളി എടുത്ത് കാലിൽ വച്ച് വെച്ച് ചുറ്റുക. കരിംപൊളി എടുത്തു കാലിൽ വച്ച് കുടുക്കി ചുറ്റുക. ഏകദേശം നിർമിക്കാനുദ്ദേശിക്കുന്ന കുട്ടയുടെ വലിപ്പം ആകുമ്പോൾ കത്തിവെച്ച് ഒപ്പം ആക്കുക.



ഐ ടി പ്രോജക്റ്റ് റിപ്പോർട്ട് ജോസ്ന റോജി

# മാലിന്യ സംസ്കരണം – ഒരു പഠനം

മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞാൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്നുകരുതുന്നതു പ്രഷർ കുക്കർ വാങ്ങിക്കഴിഞ്ഞാൽ പാചകം പൂർത്തിയായി എന്നു കരുതുന്നതിനു തുല്യമാണ്. പാചകത്തിലെന്നപോലെ തയാറെടുപ്പിലൂടെ മാത്രമേ കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനാകൂ. ഉപഭോഗാനന്തര വസ്തുക്കൾ ശരിയായ രീതിയിൽ പരി പാലിക്കാത്തപ്പോൾ അത് മാലിന്യമായിമാറുന്നു.ഗാർഹിക-നഗരമാലിന്യങ്ങൾ ഇങ്ങനെയുണ്ടാകുന്നവയാണ്. ആധുനിക സംവിധാനങ്ങളും ജീവിതരീതിയിൽ വന്ന മാറ്റവും കച്ചവട താല്പര്യക്കാരുടെ പ്രചാരണങ്ങളും ഉപഭോഗാനന്തര മാലിന്യങ്ങളുടെ അളവ് ക്രമാതീതമായി വർദ്ധിപ്പിക്കുന്നു.ഗാർഹിക അജൈവമാലിന്യങ്ങളുടേയും നഗരമാലിന്യങ്ങളുടേയും സംസ്കരണത്തിനും പരിപാലനത്തിനും വേണ്ട സംവിധാനങ്ങളുടെ അപര്യാപ്തയും കാര്യക്ഷമതയില്ലായ്മയും കേരളത്തെ മാലിന്യക്കൂമ്പാരമാക്കുന്നു.ഓരോ വ്യക്തിയും ഉത്തരവാദിത്തം ഏറ്റെടുത്താൽ മാലിന്യ സംസ്കരണം എളുപ്പവും പ്രകൃതി സൗഹൃദവുമാകും.ജൈവമാലിന്യങ്ങളും അജൈവ മാലന്യങ്ങളും വേർതിരിച്ച ജൈവമാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കാവുന്നതാണ്.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിലൂടെ സംസ്ഥാനം നേരിടുന്നമാലിന്യപ്രശ്നങ്ങൾ 50% പരിഹരിക്കാനാകും. ഇതിനുചെലവുകുറഞ്ഞ എത്രയോ മാതൃകകളുണ്ട്.ഈ ഉറവിട സംസ്കരണത്തിന് എന്താണ് വഴിയെന്നു മിക്ക കുടുംബങ്ങൾക്കും അറിയില്ല. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടു പോലും ഉറവിട സംസ്കരണത്തിലേക്കു വലിയൊരു വിഭാഗം കുടുംബങ്ങൾ ആകർഷിക്കപ്പെടുന്നില്ല.മാലിന്യങ്ങളെല്ലാം പൊതിഞ്ഞുകെട്ടി പ്ലാസ്റ്റിക്ക് സഞ്ചിയിലാക്കി കാറിലോ ബൈക്കിലോ കൊണ്ടുപോയി ആരും കാണാതെ എവിടെയെങ്കിലും വലിച്ചെറിയുന്നതു പോലെ എളുപ്പമല്ല ഈ ഉറവിട മാലിന്യ സംസ്കരണം എന്നതാവാം ആളുകളെ പിന്തിരിപ്പിക്കുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങളിലാണു വിഷാംശമുള്ള രാസവസ്തുക്കളുള്ളത്. ഇവ അശാസ്ത്രീയമായികത്തിക്കുകയും വലിച്ചറിയുകയും ചെയ്യുന്നതു പരിസ്ഥിതിയെ വിഷലിപ്തമാക്കും. ഒപ്പം ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും. പ്രാദേശികതലത്തിൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിച്ച് അജൈവമാലിന്യങ്ങളെ പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും നൽകുക എന്നുള്ളതാണ് അടിയന്തരമായി ചെയ്യേണ്ട കാര്യം.

ജൈവമാലിന്യങ്ങളുടെ ഫലപ്രദമായ സംസ്കരണത്തെക്കുറിച്ചുള്ള (ഉദാ:പൈപ്പ് കമ്പോസ്റ്റ് ,മണ്ണിര കമ്പോസ്റ്റ് ,ജൈവസംസ്കരണ ഭരണി ,മിനി പെഡസ്റ്റൽ കമ്പോസ്റ്റിംഗ് ,പോർട്ടബിൾ ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ് ബയോ ഗ്യാസ്(ഗാർഹിക മാലിന്യങ്ങൾ)etc) അവബോധം ജനങ്ങളിലെത്തിക്കുകയും,അനിയന്ത്രിതവും അനാരോഗ്യകരവുമായ രീതിയിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലമുള്ള ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ തിരിച്ചറിയുകയും,പ്ലാസ്റ്റിക് മാലിന്യങ്ങൾ എങ്ങനെ നിരുപദ്രവകരമായ രീതിയിൽ കൈകാര്യം ചെയ്യണമെന്ന് മനസ്സിലാക്കുകയും,അജൈവമാലിന്യങ്ങളുടെയും,E-Waste കളുടെയും, സംസ്കരണത്തിനുള്ള ഉത്തമമായ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധം ജനങ്ങളിലെത്തിക്കുകയും,പൊട്ടിയ CFL,ട്യൂബ് ലൈറ്റുകൾ മുതലായവ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം ജനങ്ങളിലെത്തിക്കുകയും.മാലിന്യ സംസ്കരണ മാർഗങ്ങളിലൂടെ ഇന്ധനലാഭം,സാമ്പത്തിക ലാഭം ഇവ നേടുകയും,ഉറവിട മാലിന്യ സംസ്കരണമെന്ന സംസ്കാരം വളർത്തുന്നതോടൊപ്പം മണ്ണിനും മനുഷ്യനും സംരക്ഷണമേകുകയും, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യങ്ങൾ..

**കണ്ടെത്തലുകളും,നിഗമനങ്ങളും**

92%കുടുംബങ്ങളിലെയും ജൈവമാലിന്യം ഫലപ്രദമായ രീതിയിൽ സംസ്കരിക്കപ്പെടുന്നില്ല.ഗ്രാമങ്ങളിലെ വീടുകളിൽ ജൈവമാലിന്യങ്ങൾ മണ്ണിനോട്,ചേരുന്നതിനാൽ മലിനീകരണ പ്രശ്നം രൂക്ഷമല്ല.അജൈവമാലിന്യങ്ങളിൽ പ്ലാസ്റ്റിക് കവറുകളുടേയും,കുപ്പികളുടേയും ഉപയോഗം മലിനീകരണത്തോത് വർധിപ്പിക്കുന്നു.ജൈവസംസ്കരണ മാർഗങ്ങളായ പൈപ്പ് കമ്പോസ്റ്റ് ,മണ്ണിര കമ്പോസ്റ്റ് ,ജൈവസംസ്കരണ ഭരണി ,മിനി പെഡസ്റ്റൽ കമ്പോസ്റ്റിംഗ് ,പോർട്ടബിൾ ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ് ബയോ ഗ്യാസ്(ഗാർഹിക മാലിന്യങ്ങൾ) എന്നിങ്ങനെയുള്ള ഉറവിട മാലിന്യസംസ്കരണം,ലളിതവും ഫലവത്തുമായ മാർഗ്ഗമാണ് എന്ന് പൊതുജനങ്ങൾക്ക് മനസ്സിലായിട്ടില്ല. 80% ആളുകൾക്കും പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലമുള്ള ദൂഷ്യഫലങ്ങൾ അറിയാമെങ്കിലും പ്ലാസ്റ്റിക് കുപ്പികൾ,കവറുകൾ എന്നിവ സംസ്കരണത്തിന് ഫലപ്രദമായ മാർഗങ്ങൾ ലഭ്യമല്ലാത്തതിനാൽ 68%ആളുകളും ഇവ കത്തിക്കുന്നു.റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന മലിനീകരണം ഒഴിവാകുന്നത് ആ ക്രിക്കടക്കാരുടെ പ്രവർത്തനം ഗ്രാമങ്ങളിലും സജീവമാകുന്നതുകൊണ്ടാണ്.ഉപയോഗശൂന്യമായ കടലാസുകഷ്ണങ്ങൾ പോലും റീസൈക്കിൾ ചെയ്യാമെന്ന ബോധം 6%ആളുകളിൽ മാത്രമെയുള്ളു.പൊട്ടിയ C.F.L.,TUBE LIGHT മുതലായവ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെകുറിച്ച് 90%ആളുകളും ബോധവാന്മാരല്ല.പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കണമെന്ന് 96% ആളുകൾക്കും ആഗ്രഹമുണ്ടെങ്കിലും, ഉപയോഗത്തിനുള്ള സൗകര്യം പ്ലാസ്റ്റിക്കിനെ എല്ലാവർക്കും പ്രിയങ്കരമാക്കുന്നു.ഉപഭോഗ സംസ്കാരത്തിന്റെ ബാക്കിപത്രമാണ് പ്ലാസ്റ്റിക് മലിനീകരണം.

ജിമ്പിൽ തയ്യാറാക്കിയ പോസ്റ്ററുകൾ

## ഉറവിട മാലിന്യ സംസ്കരണം ശീലമാക്കൂ













Poem

Krishnapriya

# What I like

What  I like
Once the sun is up
What I like
Is a Birdie sound

When I wake up
What I like
Is a cup of tea
When I go to school



What I like
Is friends and teachers
When I back to home
What I like

Is my mother at home
When I go to bed
What I like
Is my grandma story

When I fall into sleep
What I like
Is to  dream a lot.

ഉപന്യാസം

നവ്യ ഇ ജി

# ഉള്ളൂരിന്റെ സാഹിത്യസംഭാവനകൾ

ആധുനിക കവിത്രയത്തിലെ ശ്രദ്ധേയനായ കവിയാണ് ഉള്ളൂർ എസ് പരമേശ്വരയ്യർ. മഹാകാവ്യം, ഖണ്ഡകാവ്യങ്ങൾ, ലഘുകവിതകൾ, സാഹിത്യചരിത്രം, ഗവേഷണപ്രബന്ധങ്ങൾ, എന്നിങ്ങനെ ഉള്ളൂരിന്റെ സംഭാവനകൾ അതിവിപുലമാണ്. മഹാപണ്ഡിതനായ കവി കൂടിയായിരുന്നു ഇദ്ദേഹം. അഞ്ച് വാല്യമുള്ള കേരളസാഹിത്യചരിത്രം ഉൾപ്പെടെയുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളും ഗവേഷണം ചെയ്ത് അവതരിപ്പിച്ച പ്രാചീന കൃതികളും ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെയും ഭാഷാ സേവനത്തിന്റെയും മികവുറ്റ തെളിവാണ്. ഉള്ളൂരിന്റെ മഹാകാവ്യമാണ് ഉമാകേരളം. മലയാളത്തിലെ ഏറ്റവും മികച്ച മഹാകാവ്യങ്ങളിൽ ഒന്നാണിത് . 'പ്രേമസംഗീതം' ഉള്ളൂരിൻറെ കാവ്യജീവിതത്തിലും ജീവിത സങ്കല്പത്തിലും വന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നു. വിജ്ഞാനദീപിക, ഗദ്യകവിത, സ്മരണമാധുരി എന്നിവ ഉള്ളൂരിന്റെ അതിപ്രശസ്തമായ ലേഖനങ്ങളാണ് . കാല്പനികതയിലേക്ക് ശ്രദ്ധതിരിച്ച കവി പിംഗള, കർണഭൂഷണം തുടങ്ങിയ ഖണ്ഡകാവ്യങ്ങളുടെ ഉടമയാണ് ഉള്ളൂർ. ഇതുകൂടാതെ കിരണാവലി, താരഹാരം, തരംഗിണി തുടങ്ങിയ കൃതികൾ ചേർത്തിട്ടുള്ള കവിതകളിലും കയ്യൊപ്പ് ചാർത്തി. ഇവയ്ക്കുപുറമേ കവി നിരൂപകൻ, വിവർത്തകൻ, ഗവേഷകൻ എന്നീ നിലകളിലും അതിപ്രശസ്തൻ. സാഹിത്യത്തിന് പുറമേ കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് ഇദ്ദേഹം വിലപ്പെട്ട സംഭാവനകൾ നൽകി. ലോകത്തിൽ നിന്നും എന്നെന്നേക്കുമായി ഉള്ളൂർ വിടപറഞ്ഞുവെങ്കിലും ജനഹൃദയങ്ങളിൽ ജ്വലിക്കുന്ന ഓർമകളുമായി എന്നും അദ്ദേഹം ഉയർന്നുതന്നെ നിൽക്കുന്നു.

**Poem** **Athulya Paul**

# Chocolate

Chocolate bottler
Flashes in Eyes
Rush   us into bottler
And melts  in mouth



Joy in my hand
Mess up my dress
When mama comes
Sure for a stare.

ജീവചരിത്രക്കുറിപ്പ്

ഗോഡ്വിൻ തോംസൺ

# വിനോബാ ബാവേ



1895 സെപ്റ്റംബർ 11 ന് മഹാരാഷ്ട്രയിൽ ജനിച്ചു.

സർവ്വോദയ നേതാവ്.

1916 ൽ മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് കത്തിച്ചുകളഞ്ഞ് സ്വാതന്ത്ര്യസമരത്തിൽ ഇറങ്ങി.

1923 ൽ പതാക സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചു.

1932 ലും അറസ്റ്റ് വരിച്ചു.

1942 ൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തു.

1951 ൽ ഏപ്രിൽ 18 ന് ഭൂദാന പ്രസ്ഥാനം രൂപീകരിച്ചു.

1952 ൽ ശ്രമദാനം ആരംഭിച്ചു.

1982 ൽ മരണാനന്തര ബഹുമതിയായി ഭാരതരത്നം സമ്മാനിക്കപ്പെട്ടു.

പ്രസംഗം

കീർത്തന എസ് നായർ

# പ്രളയത്തിനു ശേഷമുള്ള ശിശുദിനം

ഇക്കൊല്ലം ഇന്ത്യയുടെ സ്വാതന്ത്ര്യദിനം രാജ്യം ആഘോഷിച്ചപ്പോൾ കേരളീയർ മഹാ പേമാരിയുടെയും പ്രളയത്തിന്റെയും രൗദ്രഭാവത്തിൽ നിന്ന് രക്ഷപ്പെടാനുള്ള തത്രപ്പാടിലായിരുന്നു. നാലുമാസം പിന്നിടുമ്പോൾ നഷ്ടപ്പെട്ടതിൽ കുറച്ചൊക്കെ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയകാലത്ത് പഠന ദിനങ്ങളോടൊപ്പം പഠനസാമഗ്രികളും നഷ്ടപ്പെട്ടവർ ഏറെയാണ്.

പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിൻറെ ജന്മദിനം ശിശുദിനമായി ആചരിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച രാജ്യത്തിന് ഇഴചേർന്നു കിടക്കുന്നതാണ് എന്ന് ഉത്തമബോധ്യമുണ്ടായിരുന്ന ജന നേതാവായിരുന്നു ചാച്ചാജി. ശിശുദിനം എന്നുപറയുമ്പോൾ എല്ലാവരുടെയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ചുവന്ന റോസാ പൂവും അത് ധരിച്ച ചെറുപുഷ്പങ്ങൾ പോലെ വിടർന്നു നിൽക്കുന്ന പിഞ്ചോമനകളുമാണ്. അവരെ ഓർമ്മിക്കാനും അവരുമായി സന്തോഷത്തോടെ ഉല്ലസിക്കുവാനും ഉള്ള ദിനം കൂടിയാണ് ശിശുദിനം. കുട്ടികൾ നിഷ്കളങ്കരാണ്. അവരുടെ മനസ്സിൽ ഒരു കള്ളവുമില്ല. ലോകത്തിന്റെ വളർച്ചക്കനുസരിച്ച് കുട്ടികൾക്കും വളരാനുള്ള അവസരങ്ങൾ നാം സൃഷ്ടിക്കണം.

**ഡിജിറ്റൽ പെയിന്റിംഗ്** **തേജസ് പി ദിനേശ്**





# കാലാവസ്ഥ വ്യതിയാനവും ജൈവവൈവിധ്യ സംരക്ഷണവും

ഉപന്യാസം

സാന്ദ്ര സജീവൻ

ഇന്ന് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് കാലാവസ്ഥാവ്യതിയാനം. വിഷുക്കാലത്ത് പൂക്കുന്ന കണിക്കൊന്ന ഓണക്കാലത്ത് പൂക്കുന്നതും, മഴക്കാലത്ത് ചൂട് കൂടുന്നതും നാം നമ്മുടെ കൺമുന്നിൽ കാണുന്ന കാഴ്ചകൾ ആണല്ലോ. ക്രമം തെറ്റിയുള്ള കാലചക്രത്തിന്റെ സഞ്ചാരം മനുഷ്യരുടെ ദുഷ്പ്രവൃത്തികളുടെ പരിണിതഫലം ആണ്.

ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമാണ് പ്രകൃതി. വിവിധതരത്തിലുള്ള സസ്യങ്ങളാലും ജീവികളും സമ്പന്നമാണ്. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ മൂലം കാലാവസ്ഥ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ഓരോ കാലത്തിനും അനുസൃതമായ ഓരോ ജീവികളുടെയും ഉത്ഭവത്തിന് തനതായ കാലാവസ്ഥ ആവശ്യമാണ്. കാലാവസ്ഥ മാറുമ്പോൾ ജീവിവർഗ്ഗത്തിന്റെഎണ്ണവും കുറയുന്നു. ഓരോ ജീവിയും മറ്റു ജീവികളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഒന്നിന്റെ ഭക്ഷണമാണ് മറ്റൊന്ന്. ഒരു ജീവിക്ക് വംശനാശം സംഭവിച്ചാൽ അതിനു പുറകെ മറ്റു പല ജീവികൾക്കും വംശനാശം സംഭവിച്ചേക്കാം. സസ്യങ്ങളുടെ വളർച്ചക്ക് യോജിച്ച കാലാവസ്ഥ ആവശ്യമാണ്. അത് ലഭിക്കാതെ വന്നാൽ സസ്യജാലവും നശിച്ചു പോയേക്കാം അങ്ങനെ ദിനോസറും ഡോഡോ പക്ഷിയും ഇല്ലാതെ വന്നപോലെ കാലക്രമേണ മറ്റ് അനേകം ജീവി - സസ്യവർഗ്ഗങ്ങളും വംശനാശം സംഭവിച്ചു പോയേക്കാം.

കുറച്ചുനാൾമുമ്പ് നാം കേരളീയർ അനുഭവിച്ച പ്രളയവും മറ്റ് കാലാവസ്ഥ പ്രശ്നങ്ങൾക്കും ഏകകാരണം നമ്മൾ തന്നെ എന്ന് പറയാവുന്നതാണ്. മനുഷ്യരുടെ അമിതമായ കടന്നുകയറ്റം! ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യകതയാണ്. ജൈവവൈവിധ്യമാണ് നമ്മുടെ നാടിനെ മനോഹരമാക്കുന്നത്. പ്രകൃതിയെ സംരക്ഷിക്കുമ്പോൾ കാലാവസ്ഥ ക്രമമായി വരികയും ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുകയും ചെയ്യും. പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യരുടെ കൂടെ നിലനിൽപ്പാണ്. അതിനാൽ ജൈവവൈവിധ്യം സംരക്ഷിക്കാൻ നാം പരിശ്രമിക്കണം.

ജൈവവൈവിധ്യം സംരക്ഷിക്കേണ്ട ആവശ്യകത എന്ന് ഏറിവരികയാണ്. കാരണം വംശനാശത്തിന് മുൾമുനയിൽ നിൽക്കുന്ന അനേകം ജീവജാലങ്ങൾ ഇന്നുണ്ട്. കാലാവസ്ഥ വ്യതിയാനവും ജൈവ വൈവിധ്യവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ജൈവ വൈവിധ്യം സംരക്ഷിക്കേണ്ടത് വളരെ വളരെ അത്യാവശ്യമാണ്.

**Biography** **Andriya Thomas**

# Vincent Willem Van

Born in an upper middle class family Van Gogh grew as a child and was serious, quiet and thoughtful. As a young man he worked as an art dealer, often travelling, but became depressed after he was transferred to London. He turned to religion and spent time as a protestant missionary in Southern Belgium. He driffed in ill health and solitude before taking up painting in 1881 having moving back home with his parents. His Younger brother Theo supported him financially and the two kept a long correspondence by letter. His early works mostly still lives of depictions of peasant labourers contained few signs of the vivid colour that distinguished his later work.

In 1886 he moved to Paris where he met members of the avant-garde, including Emily Bernard and Paul Gauguin who were reacting against the impressionist sensibility. As his work developed he created a new approach to still and local landscapes. His paintings grew brighter in colour as he developed a style that became fully realised during his stay in Arles in the south of France in 1888. During this period he broadened his subject matter to include series of olive trees, wheat fields and sunflowers.

Van Gogh suffered from psychotic episodes and delusions and though he worried about his mental stability, he often neglected his physical health -he did not eat properly and drunk heavily. His friendship with Ganguin ended after a confrontation with a razor when in a rage he severed part of his own left ear. He spend time in psychiatric hospitals including a period at Saint Remy. After he discharged himself and moved to the Auberge Ravour in Auvers-Sur-Oise near Paris, he came under the care of the homeopathic doctor Paul Gachet. His depression continued and on 27th July 1891 got shot himself in the chest with a revolver. He died from his injuries 2 days later.

കവിത

കൃഷ്ണേന്ദു കെ കെ

# പൂച്ചെടി

ചട്ടിയിൽ അല്ലോ പൂച്ചെടി നട്ടു
അതിലൊരു കുഞ്ഞി തളിരില വന്നു.

വെള്ളമൊഴിച്ചു വെള്ളമൊഴിച്ചു
വീണ്ടും വീണ്ടും തളിരുകൾ വന്നു.

അതിലൊരു കുഞ്ഞു മൊട്ടു വിടർന്നു
അതിലൊരു കുഞ്ഞിപ്പൂവുണ്ടായി

ആ പൂവിൽ നിറമോ എന്തൊരു ഭംഗി
എന്തൊരു മണം,പൂക്കൾ വീണ്ടും

വളരാൻ തുടങ്ങി എന്തൊരു ചന്തം
എന്റെ സ്വന്തം പൂച്ചെടി.



കവിത

അതുല്യ പോൾ

# പ്രളയം നമ്മോട് പറഞ്ഞത്

വന്നു പേമാരി ആകെ നിറഞ്ഞു
കൊടുങ്കാറ്റടിച്ചു,കേരളമിളകി
തീർന്നു ജീവനെന്ന്
ഓർത്തിടുമ്പോൾ
വന്നു ഈശ്വരൻ നമുക്ക്
തുണയായ്



വീടുകൾ മുങ്ങി പുഴകൾ
കവിഞ്ഞൊഴുകി
രാവും പകലും കഴിച്ചു
കൂട്ടിയപ്പോൾ
ഓർത്തില - ഇത് കേരളം
കണ്ട മഹാപ്രളയം...

പ്രളയം നമുക്കൊരു
പാഠമാണെങ്കിലും
നാം പ്രളയത്തെ അതിജീവിച്ചു
ഇത് കേരളം...
ദൈവത്തിൻറെ സ്വന്തം നാട്.

# പ്രസംഗം

മാന്യ സദസ്സിന് വന്ദനം.

മനുഷ്യൻറെ എല്ലാ പ്രവർത്തികളുടെയും ലക്ഷ്യം സുഖമാണ്. സുഘത്തിനു വേണ്ടി നാമെന്നും നെട്ടോട്ടമോടുന്നു. പണ്ടത്തെ യുവാക്കളും കുട്ടികളും ഏറെ സന്തുഷ്ടരായിരുന്നു വെന്ന് അച്ഛനമ്മമാർ പഠിപ്പിച്ചുതന്ന അനുഭവ കഥകളിൽനിന്നും നാം മനസ്സിലാക്കുന്നു. വീട്ടിൽ ദാരിദ്ര്യമാണെങ്കിൽപോലും അച്ഛനമ്മമാരുടെയും സഹോദരങ്ങളുടെയും സഹപാഠികളുടെയും സ്നേഹവും ലാളനയും ലഭിച്ചിരുന്നു. അവരുടെ ആഗ്രഹങ്ങൾ പരിമിതമായിരുന്നു. അതുകൊണ്ടുതന്നെ അത് നിറവേറ്റാൻ ദരിദ്രരായ അച്ഛനമ്മമാർക്ക് സാധിക്കുമായിരുന്നു.

ഇന്നത്തെ സാങ്കേതികവിദ്യയുടെ വളർച്ചയോടെ മനുഷ്യന്റെ സുഖസൗകര്യങ്ങൾ പെട്ടെന്ന് വർധിച്ചു. ഓരോ വീടുകളിലും ഒന്ന് രണ്ട് കുട്ടികൾ, അവർക്ക് ഓരോരുത്തർക്കും പ്രത്യേക സൗകര്യങ്ങൾ. ഒന്നിച്ചിരുന്ന് പഠിക്കാനും സഹോദരസ്നേഹം വളർത്താനും സാഹചര്യങ്ങൾ കുറയ്ക്കാൻ മാത്രമേ ആ പ്രത്യേക സൗകര്യങ്ങൾ ഉപകരിക്കൂ.

വീട്ടിൽ ഏതെങ്കിലും അതിഥി വന്നാൽ അവർ വന്നത് അറിഞ്ഞതായി ഭാവിക്കാതെ കമ്പ്യൂട്ടറിനുമുന്നിൽ കുനിഞ്ഞുകൂടി ഇരിക്കും. അതുമല്ലെങ്കിൽ പഠിക്കുകയാണെന്ന് ഭാവിച്ച പുസ്തകങ്ങൾ തുറന്നുവച്ചിരിക്കും. മക്കളെവിടെയെന്ന് അതിഥി ചോദിച്ചാൽ - ഓ അവൻ പ്ലസ്ടുവിലാ... അവൾ പത്തിലാ... എന്താ പഠനഭാരം! ഒരു നിമിഷം പോലും വെറുതെ കളയാനില്ല. അതുകൊണ്ട് പഠിത്തം വിട്ട് മറ്റൊന്നും വേണ്ടെന്ന് ഞങ്ങൾ സ്ട്രിക്ട് പറഞ്ഞിരിക്കുകയാ - എന്നുത്തരം.എന്തായിത് പോരെ അവരെ വഴിപിഴപ്പിക്കാൻ. അച്ഛനമ്മമാർ മക്കൾക്ക് സ്നേഹം കൊടുത്തില്ലെങ്കിൽ, അവർ അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരാണെങ്കിൽ,മക്കൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തീർന്നു എന്നും വരാം. നന്ദി.



കവിത

വജ്ര ഷാജി

# തേങ്ങാപ്പൂൾ

ആകാശത്തുള്ളൊരു തേങ്ങാപ്പൂൾ
വെള്ളനിറമുള്ള തേങ്ങാപ്പൂൾ
സുന്ദരനാണാ തേങ്ങാപ്പൂൾ
അമ്പിളിമാമനാ തേങ്ങാപ്പൂൾ



**കഥ**

# തസ്തിക:ആരാച്ചാർ

## വിധി :ആരുടേത്

നിരനിരയായി നിൽക്കുന്ന ഉദ്യോഗാർത്ഥികളുടെ ഇടയിൽ നിൽക്കുമ്പോൾ,ഭാവിസ്വപ്നങ്ങൾ,എരിയുന്ന തീകുണ്ഡത്തിനടുത്തുകൂടി പറക്കുന്ന ഈയാംപാറ്റകൾക്കു സദൃശമാണെന്നു മനസ്സിലായിരുന്നു.അല്ലെങ്കിലും താനെന്തിനാണ് ഈ ജോലിക്കു വേണ്ടി ഇത്ര ദൂരം താണ്ടി ഇവിടെ എത്തിയത്?അമ്മയോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ മനസ്സിൽ പ്രതീകളുണ്ടായിരുന്നു.അമ്മയുടെ കണ്ണു നിറയുന്നത് ശ്രദ്ധിക്കാതിരിക്കാൻ കളിഞ്ഞില്ല.

“സാരമില്ലമ്മേ,ഏതു ജോലിക്കും ഒരന്തസ്സുണ്ട്.”-ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു

എന്നാലും മോനെ?ഈ ആരാചാര് എന്നൊക്കെ പറയുമ്പോൾ....?

വിങ്ങിപ്പൊട്ടുന്ന ദുഖങ്ങളും വേദനകളും കടിച്ചൊതുക്കി,പുലർച്ചെ തന്നെ പുറപ്പെട്ടു.ബസിൽ പരിചയക്കാർ ധാരാളം.പക്ഷെ.....ഒരപരിചിതനെപ്പോലെയോ അപമാനിതനേപ്പോലെയോ ഒഴിഞ്ഞു മാറാൻ ശ്രദ്ധിച്ചു.പിന്നിലായി സൈഡ് സീറ്റിൽ സ്ഥാനമുറപ്പിച്ചു.ശൈത്യം സഹിക്കാനാകാത്തതുപ്പോലെ,...ഷട്ടറുകൾ താഴ്ത്തി.പുറം കാഴ്ചകൾ കാണാൻ എന്നും ഉത്സാഹമായിരുന്നു.എന്നിട്ടും!ഓരോ പ്രഭാതവും പുതുമകൾ കൊണ്ടു നിറഞ്ഞു കാണാനും ആസ്വദിക്കാനും ഇഷ്ടപ്പെട്ടിരുന്ന നാളുകൾ.എവിടെയാണ് കണക്കു കൂട്ടലുകൾ പിഴയ്ക്കാൻ തുടങ്ങിയത്?

“വിനോദ്!നീ എവിടേക്കാണ്?”ഞൊട്ടിയുണർന്നു.പ്രകാശ് ഇവൻ എവിടെനിന്നു കയറിക്കൂടി?പെട്ടെന്നാണ് സ്ഥലകാലബോധമുണ്ടായത്.ബസ് അടുത്ത പ്രധാനപട്ടണമായ തലശ്ശേരിയിൽ എത്തിയിരിക്കുന്നു.ഇവിടെ നിന്ന് ട്രെയിൻ കയറണം.മുൻസീറ്റുകളിലെവിടെയോ അവൻ ഉണ്ടായിരുന്നിരിക്കണം.ഇറങ്ങാനുള്ള പുറപ്പാടാണ്.എന്തു മറുപടി പറയും ?കുഴങ്ങി ബാഗെടുത്തു തോളത്തിട്ടു."തിരുവന്തപുരം വരെ"-അലസമായിരുന്നു ആ മറുപടി.

'എന്താടാ വിശേഷം?'ഇറങ്ങുന്നതിനിടയിൽ അവൻ തിരക്കി.ഠഒരാളെ കാണാനാണ്”.

"അല്ല നിനക്കിതു വരെ ജോലിയായില്ലെ"?

ശ്രമിക്കുന്ന തന്റെ സ്വരത്തിലെ ഭാവവ്യത്യാസം മനസ്സിലാക്കിയിട്ടോ എന്തോ അവൻ കൂടുതലൊന്നും ചോദിച്ചു.

'എനിക്കിപ്പോൾ കോഴിക്കോടാണ് ജോലി'.വീണ്ടും കാണാം.അവൻ യാത്ര പറഞ്ഞിറങ്ങി.

പ്ലാറ്റ്ഫോമിലെ കോലാഹലങ്ങൾക്കിടയിൽ അസ്വസ്ഥമായ മനസ്സിന് സ്വസ്ഥമാകാൻ കഴിഞ്ഞില്ല.തികട്ടിതട്ടി വരുന്ന അവ്യക്തചിന്തകൾ ഒളിഞ്ഞും തെളിഞ്ഞും വേട്ടയാടിക്കൊണ്ടിരിക്കുന്നു.ചെറിയക്ലാസുകളിലെവിടയോ മലയാളം അധ്യാപക ദു;ഖഭാവത്തോടെ ചൊല്ലികേൾപ്പിച്ച

' അച്ഛൻ മരിച്ചതേയുള്ളു മരിക്കുന്നമ-

തിത്ര കട്ടപ്പമാണെന്നറിഞ്ഞീല്ല

ഞാൻ '-എന്ന വരികൾ മനസ്സിൽ പോരലേൽപ്പിച്ചുകൊണ്ടിരിക്കുന്നു.

"വിനോദ് പി കെ.,കണ്ണൂർ" തന്റെ പേര് ! വിളിക്കുന്നതു കേട്ട് ഞെട്ടി.താൻ പ്ലാറ്റ്ഫോമിലല്ല ജോലിക്കുള്ള ഇന്റർവ്യൂവിലാണെന്ന ബോധം തിരിച്ചു കിട്ടുമ്പോഴേക്കും അറ്റന്ററുടെ ആക്രോശം- "എടോ താനെന്നേതെടുക്കുകയാ?".തിടുക്കത്തിൽ കൂടികാഴ്ച്ക്കായി നിരന്നു നിൽക്കുന്നവരുടെ അടുത്തേക്ക്.ജയിലിലെ ഉയർന്ന ഉദായോഗസ്ഥരായിരകിക്കണം.

ഒഴിവ്-1 ഉദ്യോഗാർത്ഥികൾ 400.ഈശ്വരാ ഒരാരാചാരുടെ ജോലിക്ക് ഇത്രയധികം പേരോ?സംഭ്രമം മറച്ചു വയ്ക്കാൻ തനിക്കു കഴിഞ്ഞരുന്നില്ല.പലപല ജോലികൾക്കായി എത്രയെത്ര ടെസ്റ്റുകൾ എത്രയെത്രെ കൂടികാഴ്ച്കൾ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ പ്രതീക്ഷകൾ തെളിഞ്ഞും മങ്ങിയും...അമ്മയും ഇളയ രണ്ടു സഹോദരിമാരുമടങ്ങുന്ന കുടുംബത്തെ പുലർത്താൻ ബിരുദാനന്തര ബിരുദവും അംഗീകാരമികവുകളും ഉപേക്ഷിച്ചേ മതിയാവൂ എന്നു തിരിച്ചറിയുമ്പോൾ പതറിപ്പോയ നിമിഷങ്ങൾ .പതിവാകുന്ന നിയമന കുരുക്കുകളെ അതിജീവിക്കാൻ ഇപ്രാവിശ്യം കഴിയുമെന്ന വിശ്വാസം-അതാണ് തന്റെയീ യാത്ര. "ആരാച്ചാരെ

നിയമിക്കുന്നു" പത്രവാർത്ത ആദ്യം കണ്ടപ്പോൾ പുച്ഛം തോന്നിയെങ്കിലും പിന്നിടെപ്പഴോ പൊരുത്തപ്പെടുകയായിരിന്നു.

"തൊണ്ടയിൽ ക്യാൻസർ വന്നാണത്രെ പല ആരാച്ചാന്മാരും മരിച്ചിട്ടുള്ളത്?" .നിയമന അധികാരികളിലൊരാൾ പറഞ്ഞപ്പോൾ മനസ്സിലെ വിങ്ങലുകൾ കുടുംബത്തെ പ്രതി മറയ്ക്കാനും നിസ്സംഗനായി അഭിനയിക്കുവാനും തനിക്കു കഴിഞ്ഞല്ലല്ലോ?എന്നാലും... ഈ ജോലി,തന്നെ കൊണ്ടതിനാവുമോ? ഇന്റർവ്യൂവിനുശേഷം പുറത്തു കടക്കുമ്പോൾ

അതുവരെ ഉണ്ടായിരുന്ന ഉത്സാഹമെല്ലാം നഷ്ടപ്പെട്ടിരുന്നു.വേണ്ട....ഇത് തനിക്ക് വിധിച്ചിട്ടുള്ളതല്ല.ഏതു നിയമത്തിന്റേതായാലും ഏതു നീതിയുടേതായാലും ജീവന്റെ അന്തകനാകാൻ എനിക്കാകില്ല.തീരുമാനം ഉറച്ചതായിരുന്നു.സങ്കോചത്തോടെയും സംഭ്രമത്തോടെയും കയറിപ്പോയ അതേ പാതയിലൂടെ ഇറങ്ങിപ്പോരിമ്പോൾ ജോതാവിന്റെ ഭാവമായിരുന്നു.

തലസ്ഥാന നഗരിയിൽ ആദ്യമായി എത്തിയതാണ്.അപരിചിതത്വം അലോസരപ്പെടുത്തുന്നുണ്ടെങ്കിലും മനസ്സ് സ്വസ്ഥമായിരുന്നു.തലശ്ശേരിക്ക് ടിക്കറ്റെടുത്ത് പ്ലാറ്റ്ഫോമിൽ വെറുതേ ഇരുക്കുമ്പോൾ മുന്നിലൂടെ നീങ്ങുന്ന ഓരോരുത്തരേയും ശ്രദ്ധിച്ചുകൊണ്ടിരുന്നു.ജീവിതയാത്ര.....പലതവണ കേട്ടിട്ടുണ്ട് .ജീവിതമാകുന്ന യാത്രയാണോ ?ജീവിതമെന്ന യാത്രയാണോ?ജീവിതത്തിലെ യാത്രയാണോ? ഓരോന്നിനും ഓരോ അർത്ഥം കല്പിച്ചുകൊടുക്കാമായിരിക്കും.

ഏതായാലും ഈ യാത്ര ജീവിതത്തേക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകിയിരുന്നു.മരണത്തിന്റെ മുനമ്പിൽ നിന്നുകൊണ്ട് ജീവിതത്തെ മനോഹരമായ സ്വപ്നമായികാണാൻ ആഗ്രഹിക്കുന്ന വധശിക്ഷയ്ക്ക വിധിക്കപ്പെട്ട തടവുകാർ! ലോകത്തിന്റെ പാപങ്ങൾ ഏറ്റെടുത്ത് കുരിശുമരണം വരിച്ച യേശുക്രിസ്തു!വൈരുദ്ധ്യ ചിന്തകൾ.ചിന്തകൾ ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു.അപ്പോൾ ആരാച്ചാർ?ജീവൻ നശിപ്പിക്കാൻ മനുഷ്യനെന്താണ് അവകാശം?ഈ ജോലിക്കു വേണ്ടി താൻ ഇറങ്ങിത്തിരിച്ചതു തന്നെ തെറ്റായിപ്പോയി.നിയമനാധികാരികൾ പറഞ്ഞത് ശരിയായിരിക്കും.ആരാച്ചാന്മാർ തൊണ്ടയിൽ ക്യാൻസർ വന്നാണ് മരിക്കുന്നതത്രെ?തൊണ്ടയിൽ കുരുക്കി നിർജ്ജീവമാക്കപ്പെടുന്ന ജന്മങ്ങൾ ശാപം ചൊരിയുന്നുണ്ടാകും.അല്ലെങ്കിൽ പിന്നെങ്ങനെ? ജീവികളായ ജീവികളെല്ലാം ഭൂമിയുടെ അവകാശികൾ എന്ന് ബഷീർ പറയുമ്പോൾ കേൾക്കാനും ആസ്വദിക്കാനും താനുണ്ടായിരുന്നു.പക്ഷെ,ഇപ്പോൾ അതേക്കാൾ എത്രയോ ഉന്നതമായ മനുഷ്യ ജീവനെ,നിയമത്തിന്റേയുംപേരിൽ കവർന്നെടുക്കുവാൻ താൻ പുറപ്പെട്ടപ്പോൾ ഏത് ചേതോ വികാരമാണ് തന്നെ നയിച്ചത്!വിശ്വസിക്കാനാവുന്നില്ല കാലത്തിന്റെ ഗതിയിൽ ചിന്തകൾ വഴിമാറുന്നു.

നീണ്ട ചൂളം വിളി.തിക്കും തിരക്കും കൂടാതെ സാവധാനം ഉള്ളിൽ കയറുമ്പോൾ തനിക്കായി മാറ്റിവച്ചപോലെ ഒരു ഇരിപ്പിടം.തൊട്ടടുത്തിരുന്ന വൃദ്ധയെ നോക്കി കൃതക്ഞതയോടെ പുഞ്ചിരിച്ചു.ഉയർത്തിവച്ചിരിക്കുന്ന ജാലകപാളികൾക്കിടെയിലൂടെ,സന്ധ്യാദീപങ്ങളാൽ പ്രകാശിച്ച നിൽക്കുന്ന നഗരം അതിമോഹരിയീയിരിക്കുന്നു.ഇരുട്ടിനെ ഭേദിക്കുവാൻ പ്രകാശത്തിനു നിഷ്പ്രയാസം കഴിയുന്നു.തനിക്ക് കുടുംബത്തിന്റെ വിളക്കാകുവാൻ

കഴിഞ്ഞരുന്നെങ്കിൽ.....അരികിലിരിക്കുന്ന വൃദ്ധ ഉറക്കം തൂങ്ങാൻ തുടങ്ങിയിരിക്കുന്നു.മുഖത്തെ ചുളിവുകൾക്ക് ഒരുപാട് പറയുവാനുണ്ടായിരിക്കണം.അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിൽ നുരഞ്ഞുപൊങ്ങുന്നു.ഇടിത്തീപോലെ വന്നുവീണ പപ്പയുടെ മരണം.ദുരിതങ്ങളുടെ നിലയില്ലാക്കയങ്ങളിൽ മക്കളെ മാറോടുചേർത്ത് പിടിച്ച് തേങ്ങിയ അമ്മമനസ്സ്.പതിനഞ്ചുവയസ്സുകാരന്റെ

നിസ്സഹായത മുറ്റിയ കണ്ണുകൾ...

രോഗത്തിന്റെയും മരണത്തിന്റേയുംബാക്കിപത്രമായ തുണ്ടുഭൂമി അന്യാധീനപ്പെടുത്താതെ

രാപകൽ വിശ്രമമില്ലാത്ത അധ്വാനവും പഠനവും.മാതൃസ്നേഹത്തിന്റെ വറ്റാത്ത നീരുറവ.മാനുഷികമായ

കഴിവുകൾ ബലഹീനമാകുമ്പോൾ ദൈവീക ശക്തി പ്രവർത്തിക്കുമെന്ന് തിരിച്ചറിഞ്ഞ കാലം.മൊബൈലെടുത്തു.മറുവശത്ത് അമ്മയുടെ സ്നേഹ സാന്ത്വനം"മനസ്സുമധാനമാണ് വലുത്,നീ ഉചിതമായ തീരുമാനം തന്നെയാണ് എടുത്തത്" സഹയാത്രികരോട് മധുരമായി പുഞ്ചിരിച്ച്,അയാൾ പുതുപുലരിക്കായി കണ്ണു തുറന്നിരുന്നു.

**ലിസ്സി എം.ജെ**
**അധ്യാപിക**



കവിത

അഭിനവ് എം ബി

# ഒറ്റക്കുള്ള ജീവിതം

മറന്നവരോട് പരിഭവമില്ല...
പിരിഞ്ഞവരോട് പരാതിയുമില്ല...
ജനിച്ചു വന്നതും മരിച്ച പോകേണ്ടതും ഒറ്റയ്ക്ക്...
പിന്നെ എന്തിന് ഭയം...??

കവിത

അനിഷ എം എം

# തെളിയാത്ത നിറം



ചുവന്ന കണ്ണുകളിൽ കണ്ടത് സ്നേഹമായിരുന്നു
ആഞ്ഞടിച്ച കാറ്റിൽ ഉലഞ്ഞത്
ഹൃദയമായിരുന്നു...
ചുണ്ടിലെ ചായം മായ് ച്ചത്
വെറിപൂരണ്ടകാമമായിരുന്നു...
അറച്ചു നിന്നപ്പോൾ അടുപ്പിച്ചത് രതി
ആയിരുന്നു...

പെയ്തു തീർത്തത് കണ്ണുനീരില്ല,
ചുടുരക്തമായിരുന്നു...
പറിച്ചെടുത്ത എന്നിലെ പെണ്ണിനെ
തിരഞ്ഞു ഞാൻ, കഴുകൻ കണ്ണുകൾക്കിടയിൽ
തന്നില്ലാ ഭാഗ്യമെനിക്ക് ഉടക്കൾക്കിടയിൽ
തുണിയിൽ ഒളിപ്പിക്കാൻ
കെഞ്ചുന്ന മനസ്സിൽ നിറയെ
ഇല്ലാത്ത ഗർഭപാത്രമായിരുന്നു...

വിധി തന്നതിനെ മറയ്ക്കാനാവാതെ
ഞാനാരെന്ന,എനിക്കെന്തെന്ന
നിറഞ്ഞ ചോദ്യത്താൽ
കവിഞ്ഞായി ഈ ജീവിതം.

കഥ

ഗോഡ്വിൻ തോംസൺ

# ആനയും സിംഹവും

ഒരിടത്ത് ഒരു ആനയും സിംഹവും ഉണ്ടായിരുന്നു. സിംഹം എല്ലാ മൃഗങ്ങളെയും കൊല്ലുന്നതുകണ്ട് ആന സിംഹത്തിനോട് പറഞ്ഞു. കുളത്തിൽ നിങ്ങളെപ്പോലെ തന്നെ ഒരു രാജാവ് ഉണ്ട്. സിംഹം കുളത്തിൽ ചെന്ന് നോക്കിയപ്പോൾ തന്റെ നിഴൽ കണ്ട് കുളത്തിലേക്ക് എടുത്തുചാടി മുങ്ങിമരിച്ചു. അങ്ങനെ ആനയെ എല്ലാവരും രാജാവാക്കി.



**Poem** **Rithwik Rashid**

# Passion Fruit



What is it?
In a world where
love and lust is one
There is no clear definition

A Taboo; marketing technique
A business, The devil's deed
How has such a sacred act
The merging of two souls

To create a third
We have tainted it whim
Our filthy minds
Let us accept that it is only natural

Let's return it to the pedestal
And change the way we think
For it not to make lust
But to make love.



Essay

Deena Jose, Vajra Shaji
Archana Radhakrishnan
Andriya Thomas

# Main problems that exist in our society

## Discrimination

Discrimination is typically defined as the practice of treating a person differently from other people or groups of people. The Universal Declaration of human rights affirms that all persons must be protected against any kind of discrimination or even its inciting.

A person might be discriminated against because of their race,age,gender, politics,place of birth,religion,etc.

Discrimination can take many forms. It can include beings fired from a job, being paid less money than others at the same job, being refused a home or apartment,teasing,harassment or simply being treated differently than other people. Laws known as"equal opportunity legislation"protect people from discrimination. They say people should be employed whatever their age,race, sex, religion. There should be reasonable case for people with disabilities or accessibility. Two people in the same position must be paid the same wage,if they have exactly the same job.

In some countries,discrimination against somebody on the basis of race,sex,religion,age or disability is illegal. Even in those countries,where discrimination is unlawful, it still takes place for reasons not covered by the law. In some other countries,discrimination against somebody is legal or even official government policy. This especially takes place in countries in which there is an official religion, and people of other religions are discriminated against.

## Poverty

